എ.807/17

ജില്ലാ സാമുഹ്യ നീതി ഓഫീസറുടെ
കാര്യാലയം., കൊല്ലം., തീയതി. 04.04.2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ.,
(ജില്ലാ സാമുഹ്യ നീതി ഓഫീസർ.,)
കൊല്ലം.

ബിനു.സി..,
മുരുപ്പിൽ വീട്,
മണ്ണാറോഡ്.,ഇടക്കാട് പി.ഓ.,
**ഫോൺ:691552.**

വിഷയം: സാമുഹ്യ നീതി വകുപ്പ്-ജില്ലാ സാമുഹ്യ നീതി
ഓഫീസ്,കൊല്ലം.- വിവരാവകാശ നിയമം 2005-മറുപടി
സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന : കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി., 15.03.2017 ൽ ഈ
ഓഫീസിലേക്ക് അയച്ചുതന്ന A1.655/17 നം.കത്ത്

സൂചന പ്രകാരം ഈ ഓഫീസിലേക്ക് അയച്ചുതന്ന അപേക്ഷയുടെ മറുപടി ചുവടെ ചേർക്കുന്നു.

**1.ആകെ എത്ര അപേക്ഷകൾ ഉണ്ടായിരുന്നു.?**

*3*

**2..അവരുടെ അഡ്രസ്സും വൈകല്യശതമാനവും.?**

*1.പൊടിയൻ, മീനത്തിൽ വീട്, തെക്കേപ്പുര.(50%)*

*2 വിജയൻ കെ., നെല്ലിവില വീട്, ഇടക്കാട് പി.ഓ. (40%)*

*3. അശോക് കുമാർ., അശോക മന്ദിരം,പോരുവഴി വടക്ക്., (50%)*

**3.എത്രപേർക്ക് സ്കൂട്ടർ നൽകി ? അവരുടെ പേരും വൈകല്യശതമാനവും ?**

*ചോദ്യം രണ്ടിൽ പറഞ്ഞിരിക്കുന്ന മൂന്ന് പേർക്കാണ് സ്കൂട്ടർ നൽകിയത്.*

**4.എന്തായിരുന്നു സ്കൂട്ടർ അനുവദിക്കുന്നതിനുള്ള മാനദണ്ഡം ?**

*1. ജില്ലാ പഞ്ചായത്ത് നടത്തുന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവരും, ടി ക്യാമ്പിലെ വൈദ്യ പരിശോധനയിൽ വാഹനം ഓടിക്കാൻ കഴിയുമെന്നുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ്.*

*2. തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകിയ ഗ്രാമ സഭ അംഗികരിച്ച ഗുണഭോക്തലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.*

*3. കൊല്ലം ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗികരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.*

**5. ഏറ്റവും കൂടുതൽ സ്കൂട്ടർ അനുവദിച്ചത് ഏതു പഞ്ചായത്തിന്?, കാരണം.?**

*മേലില., ശൂരനാട് വടക്ക്., ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയാണ്.*

**6. ഇനി എത്ര പേർക്ക് സ്കൂട്ടർ ലഭിക്കാനുണ്ട്? സ്കൂട്ടർ ലഭിക്കാത്തവർക്ക് ഇനി സ്കൂട്ടർ ലഭിക്കുമോ ?**

*ഓരോ വർഷവും പ്രത്യേകം അപേക്ഷ സ്വികരിച്ചാണ് വാഹനം നൽകുന്നത്. തദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കുവാൻ കഴിയൂ.*

**7. സ്കൂട്ടർ വിതരണത്തിൽ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ ഇടപെടലുകളോ ശുപാർശകളോ ഉണ്ടായിട്ടുണ്ടോ ?**

*രാഷ്ട്രീയ ഇടപെടലുകളോ ശുപാര്ശകളോ ഉണ്ടായിട്ടുള്ളതായി അറിയില്ല.*

**8. പോരുവഴി പഞ്ചായത്തിൽ നിന്നും സ്കൂട്ടർ ലഭിക്കാൻനൽകിയ അർഹരുടെ ലിസ്റ്റ് വൈകല്യ ശതമാനം സഹിതം.?**

ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തയോടെ

ജില്ലാ സാമുഹ്യ നീതി ഓഫീസർ,.
കൊല്ലം.

# കൊല്ലം ജില്ലാപഞ്ചായത്ത് കാര്യാലയം

തേവള്ളി. പി. ഒ, കൊല്ലം – 9
Email – dpklam@gmail.com   Ph: 0474-2795198, 2793446,2790422

---

നമ്പർ : എ12/655/17                                തീയതി : 15.03.2017

പ്രേഷിതൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാപഞ്ചായത്ത്, കൊല്ലം

(വിവരാവകാശം/അടിയന്തിരം)

സ്വീകർത്താവ്,

ശ്രീ. ബിനു. സി
മുരുപ്പിൽ വീട്
മണ്ണാറോഡ്
ഇടയ്ക്കാട്. പി. ഒ
പിൻ – 691 552

സർ,

വിഷയം : വിവരാവകാശ നിയമം 2005 – 2015 – 16 വർഷത്തെ ഭിന്നശേഷിയുള്ളവർക്കുള്ള സ്കൂട്ടർ വിതരണം – സംബന്ധിച്ച്

സൂചന : താങ്കളുടെ 09. 03. 2017 ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

മേൽ വിഷയം സംബന്ധിച്ച് താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഓഫീസിൽ പൂർണ്ണമായും ലഭ്യമല്ലാത്തതിനാൽ ടി വിവരം താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനുവേണ്ടി "ഭിന്നശേഷിയുള്ളവർക്ക് സ്കൂട്ടർ വിതരണം" എന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ കാര്യാലയത്തിലേക്ക് കൈമാറിയിരിക്കുന്നു.

വിശ്വസ്തതയോടെ

പകർപ്പ് : പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ജില്ലാ സാമൂഹ്യനീതി ഓഫീസ്, കളക്ടറേറ്റ്, കൊല്ലം
(വിവരാവകാശ നിയമപ്രകാരമുള്ള സൂചിത അപേക്ഷ പരാതിക്കാരന് നേരിട്ട് മറുപടി ലഭ്യമാണെങ്കിൽ നൽകുന്നതിനായി ഇതോടൊപ്പം നൽകുന്നു)